## 16 ലക്ഷത്തിന്റെ കള്ളനോട്ട് കേസ് മൂന്ന് വിദേശികൾ പിടിയിൽ.. അറസ്റ്റിലായത് അന്താരാഷ്ട്ര തട്ടിപ്പ സംഘം.

തൃശ്ശൂർ KSRTC ബസ്സ് സ്റ്റാന്റിനടുത്തുള്ള ഹോട്ടലിൽനിന്നും 16 ലക്ഷം രൂപയുടെ കള്ളനോട്ടുകൾ പോലീസ് കണ്ടെടുത്ത സംഭവത്തിൽ അന്താരാഷ്ട്ര തട്ടിപ്പസംഘത്തിലെ തലവനടക്കം മൂന്ന് കാമറൂൺ സ്വദേശികളെ 6,32,000 രൂപയുടെ കള്ളനോട്ടുകളും, കള്ളനോട്ട് നിർമ്മിക്കാൻ ഉപയോഗിച്ച പ്രിന്റർ, സ്കാനർ,കമ്പ്യൂട്ടർ എന്നിവയടക്കം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ രാഹുൽ.ആർ.നായർ IPS ന്റെ നേതൃത്വത്തിലുള്ള തൃശ്ശൂർ ഈസ്റ്റ് സിഐ , തൃശ്ശൂർ സിറ്റി ഷാഡോ പോലീസ് എന്നിവർ ഉൾപ്പെട്ട പ്രത്യേക അന്വേഷണസംഘം ബാഗ്ളൂരിൽനിന്ന് അതിസാഹസികമായി അറസ്റ്റ് ചെയ്തു. ആഫ്രിക്കയിലെ കാമറൂൺ സ്വദേശികളായ ഇനോനി പിയേര (52 വയസ്സ്), സിമോ ഫോട്സോ വിക്ടർ (49 വയസ്സ്), ടെനെ ഫോങ്കോ ഗസ്റ്റാവെ ജൂലിസ് ബോലിസ് (42 വയസ്സ്) എന്നിവരാണ് ഷാഡോ പോലീസിന്റെ പിടിയിലായത്.

ഈ മാസം ആറാം തിയ്യതി രാത്രി തൃശ്ശൂർ KSRTC ബസ്സ് സ്റ്റാന്റിനടുത്തുള്ള ഹോട്ടലിൽ വാടകക്ക് മുറിയെടുക്കാനെത്തിയ രണ്ട് വിദേശികളും മലയാളിയായ ഒരാളും കൊണ്ടുവന്ന ബാഗിൽനിന്നാണ് 16 ലക്ഷത്തോളം രൂപയുടെ കള്ളനോട്ടുകളും കള്ളനോട്ടുകൾ നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്ന ഉയർന്ന ഗുണനിലവാരത്തിലുള്ള കടലാസുകളും കണ്ടെടുത്തത്. തൃശ്ശൂർ ജില്ലയിൽ കള്ളനോട്ട് എത്തിക്കാനെത്തിയ ഇവർ ഹോട്ടലിൽ പോലീസിന്റെ സാന്നിധ്യം ഉണ്ടെന്ന് സംശയംതോന്നി ബാഗുപേക്ഷിച്ച് ഹോട്ടലിൽനിന്നും മുറി വാടകക്കെടുക്കാതെ അവിടെനിന്നും രക്ഷപ്പെടുകയായിരുന്നു. പിന്നീട് ഹോട്ടലധികൃതർ പോലീസിൽ അറിയിച്ചതനുസരിച്ച് പോലീസ് ഹോട്ടലിലെത്തി ബാഗ് പരിശോധിച്ചപ്പോഴാണ് ബാഗിൽനിന്നും കള്ളനോട്ടുകളും മറ്റും കണ്ടെടുക്കുന്നത്. കള്ളനോട്ട് ഹോട്ടലിൽനിന്ന് കണ്ടെടുത്ത സംഭവത്തിൽ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഹോട്ടലിൽ എത്തിയ വിദേശികളടക്കമുള്ള മൂന്നുപേരെപ്പറ്റി അന്വേഷണം നടത്തി പിടികൂടുന്നതിനായി തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിക്കുകയായിരുന്നു.

## യാതൊരു തെളിവുകളില്ലാതെ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രഗൽഭർ....പ്രതികളെ പിടികൂടാൻ പോലീസ് നടത്തിയത് സമാനതകളില്ലാത്ത അന്വേഷണങ്ങൾ

തൃശ്ശൂരിൽ 16 ലക്ഷത്തിന്റെ കള്ളനോട്ട് കണ്ടെടുത്ത സംഭവത്തിൽ തൃശ്ശൂർ സിറ്റി പോലീസ് മലയാളിയായ മതിലകം സ്വദേശിയായ വാഴൂർ വീട്ടിൽ അശോകനെ പിടികൂടിയിരുന്നുവെങ്കിലും വിദേശികളെ കുറിച്ച് യാതൊരു വിവരവും ലഭിച്ചിരുന്നില്ല. അറസ്റ്റിലായ അശോകന് വിദേശികളിൽ ഒരാളുടെ പേര് ഡേവിഡ് വില്യംസ് എന്ന് മാത്രമെ അറിയുമായിരുന്നുള്ളു. ആ പേരുള്ള വിദേശികളെ കുറിച്ച് രാജ്യത്തെ വിദേശ എംബസ്സികളിലും, രാജ്യത്തെ എയർപോർട്ടുകളിലും അന്വേഷണം നടത്തിയിരുന്നുവെങ്കിലും ഇത്തരത്തിലുള്ള പേരുള്ള ഒരാൾ ഇന്ത്യയിൽ താമസത്തിനെത്തിയിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു. വ്യാജ പേരാണ് അതെന്ന് മനസ്സിലാക്കിയപ്പോൾ ഈ കാലയളവിൽ രാജ്യത്തെ എയർപോർട്ടുകൾ, തുറമുഖങ്ങൾ എന്നിവ വഴി ഇന്ത്യയിലെത്തിയ ആഫ്രിക്കൻ വംശജരായ ആളുകളുടെ പേരുകൾ ശേഖരിക്കുകയും, അവരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ലിസ്റ്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരകണക്കിന് ആഫ്രിക്കൻ വംശജർ താമസിക്കുന്നുണ്ടെന്ന് അറിഞ്ഞ് ആ ശ്രമം ഉപേക്ഷിക്കുകയായിരുന്നു.

ഈ കേസിൽ മുമ്പ് അറസ്റ്റിലായ മലയാളിയെ ചോദ്യം ചെയ്തതിൽ അയാൾ പരിചയപ്പെട്ട വിദേശികളിൽ ഒരാൾ ഏകദേശം അമ്പതു വയസ്സോളം പ്രായമുള്ള ആളും, മറ്റൊരാൾ ഏകദേശം ഇരുപത്തഞ്ച് വയസ്സ് പ്രായവും ഉള്ള ആണെന്ന് പറഞ്ഞിരുന്നു. ആഫ്രിക്കൻ വംശജർ ചികിൽസക്കായി

ഇന്ത്യയിലേക്ക് വരാറുണ്ടെന്ന വിവരത്തെ തുടർന്ന് അമ്പതുവയസ്സിനടുത്ത് പ്രായമുള്ള ആളിനെകുറിച്ച് വിവരങ്ങൾ അറിയുന്നതിനായി രാജ്യത്തെ വിവിധ ആശുപത്രികളിൽനിന്ന് ചികിൽസക്കായി വന്നിട്ടുള്ള ആഫ്രിക്കൻ വംശജരെകുറിച്ച് വിവരങ്ങൾ ശേഖരിച്ചുവെങ്കിലും പ്രതികളെ കുറിച്ച് വിവരങ്ങൾ ഒന്നും ലഭിച്ചില്ല. ചെറുപ്പക്കാരനായ വിദേശിയെ കണ്ടെത്തുന്നതിനായി രാജ്യത്തെ യൂണിവേഴ്സിറ്റികളിൽ അറിയിപ്പുകൾ കൊടുക്കുകയുണ്ടായെങ്കിലും പ്രതിയെ കുറിച്ച് യാതൊരു തുമ്പും ലഭിച്ചില്ല.

അറസ്റ്റിലായ മതിലകം സ്വദേശി അശോകന്റെ കൂടെ മസ്കറ്റിലെ ഇസ്മയിൽ ജയിലിൽ വിദേശികളിലൊരാൾ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ടെന്ന അറിവിനെ തുടർന്ന് അക്കാലയളവിൽ മസ്കറ്റിലെ ജയിലിൽ ശിക്ഷ അനുഭവിച്ച് കിടന്നവരെകുറിച്ച് അന്വേഷണം നടത്തിയതിൽ ജയിലിൽ കൊടുത്തിരുന്നത് വ്യാജ പേരും അഡ്രസ്സും ആണെന്ന് മനസ്സിലാക്കാനായി.

തൃശ്ശൂരിൽ കള്ളനോട്ടുപേക്ഷിച്ചതിനുശേഷം വിദേശികൾ ബാഗ്ളൂരിലേക്കാണ് ബസ്സ് മാർഗ്ഗം തൃശ്ശൂരിൽനിന്ന് പോയിരിക്കുന്നതെന്ന വിവരത്തിനെ തുടർന്ന് ബാഗ്ളൂരിലെത്തി ആഫ്രിക്കൻ വംശജർ താമസിക്കുന്ന ഭാഗങ്ങളിലെത്തി തൃശ്ശൂരിലെ ഹോട്ടലിൽനിന്നും ലഭിച്ച സിസി ടിവി ക്യാമറ ദൃശ്യങ്ങൾ കാണിച്ച് അന്വേഷണം നടത്തിയെങ്കിലും പ്രതികളെപ്പറ്റി അനുകൂലമായ വിവരങ്ങളൊന്നും പോലീസിന് ലഭിച്ചില്ല.

## അറസ്റ്റിനെത്തിയ പോലീസിനുനേരെ ലേസർ ആക്രമണം.....

പിന്നീട് ബാഗ്ളൂരിലെ ചില ഫുട്ബോൾ ക്ലബുമായി ബന്ധപ്പെട്ട് തൃശ്ശൂരിലെ ഹോട്ടലിൽനിന്നും ലഭിച്ച സിസി ടിവി ക്യാമറ ദൃശ്യങ്ങൾ കാണിച്ച് വിദേശിയായ ചെറുപ്പക്കാരനെപ്പറ്റി അന്വേഷണം നടത്തിയതിൽ ചില സൂചനകൾ ലഭിക്കുകയും സൂചനകളനുസരിച്ച് ലോകബാങ്കിന്റെ ലോൺ കിട്ടുന്നതിനായി സമീപിക്കുന്ന മലയാളിയായി പോലീസ് വേഷംമാറിചെല്ലുകയും, ലോകബാങ്കിൽ നിന്ന് വന്നവരാണെന്ന് പറഞ്ഞെത്തിയ വിദേശികളെ ബാഗ്ലൂരിലെ കമ്മനഹള്ളി എന്ന സ്ഥലത്തുവെച്ച് തൃശ്ശൂർ സിറ്റി ഷാഡോ പോലീസുൾപ്പെട്ട അന്വേഷണസംഘം പ്രതികളെ അറസ്റ്റ് ചെയ്യുകയായിരുന്നു. പോലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ച അവസരത്തിൽ ലേസർ രശ്മികൾ പുറപ്പെടുവിപ്പിക്കുന്ന പ്രത്യേക ഉപകരണം ഉപയോഗിച്ച് പോലീസുകാരുടെ കണ്ണിലേക്ക് ലേസർ രശ്മികൾ അടിച്ച് പ്രതികൾ ഓടിരക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും അതിസാഹസികമായി പ്രതികളെ പോലീസ് പിടികൂടുകയായിരുന്നു. ഇവരുടെ ലേസർ ആക്രമണത്തിൽ പരിക്കുപ്പറ്റിയ പോലീസുകാർ ബാഗ്ലൂരിലെ ആശുപത്രിയിൽ പ്രാഥമിക ചികിൽസ തേടി. ഇന്ത്യയിൽ മറ്റു ആയുധങ്ങൾ കൊണ്ടുനടന്നാൽ പോലീസ് പിടിക്കുമെന്നതിനാൽ അറസ്റ്റ് ചെയ്യുമ്പോൾ പോലീസിൽനിന്ന് രക്ഷപ്പെടാൻ പോലീസ് സംശയിക്കാത്ത ലേസർ രശ്മികൾ പുറപ്പെടുവിക്കുന്ന പ്രത്യേക ഉപകരണം എല്ലാസമയവും ഇവർ ഒപ്പം കൊണ്ടുനടക്കാറുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

## അന്താരാഷ്ട്ര തട്ടിപ്പുസംഘം ഉൾപ്പെട്ടത് കള്ളനോട്ടടി , നോട്ടിരട്ടിപ്പ് , ATM തട്ടിപ്പുകൾ, ഓൺലൈൻ തട്ടിപ്പുകൾ, ലോട്ടറി തട്ടിപ്പുകൾ തുടങ്ങി ലോക ബാങ്ക് ലോൺ തട്ടിപ്പുകൾവരെ...

അറസ്റ്റിലായ അന്താരാഷ്ട്ര തട്ടിപ്പുസംഘത്തിനെ ചോദ്യം ചെയ്തതിലും, അവരുടെ രേഖകളും മറ്റും പരിശോധിച്ചതിൽ ഇവർ നിരവധി തട്ടിപ്പുകളിൽ ഉൾപ്പെട്ടവരാണെന്ന് അന്വേഷണസംഘത്തിന് മനസ്സിലാക്കാനായി. ഇന്ത്യയുടെ സമ്പദ്ഘടനക്കുതന്നെ ഭീഷണിയാകുന്ന തരത്തിൽ ഇന്ത്യയുടെ ഇപ്പോൾ പ്രാബല്യത്തിൽവന്ന രണ്ടായിരത്തിന്റെയും , അഞ്ഞൂറിന്റെയും ലക്ഷകണക്കിന് രൂപയുടെ കള്ളനോട്ടുകളാണ് ഇവർ ഇന്ത്യയിൽ അച്ചടിച്ച് വിതരണം ചെയ്തിരിക്കുന്നത്. ഇവരിൽനിന്ന് തൃശ്ശൂരിലെ ഹോട്ടലിൽനിന്ന് കണ്ടെത്തിയ 16 ലക്ഷത്തിന്റെ കള്ളനോട്ടുകൾ കൂടാതെ 6,32,000 രൂപയുടെ പുതിയ രണ്ടായിരത്തിന്റെ കള്ളനോട്ടുകളും ഇവരെ അറസ്റ്റ് ചെയ്യുന്ന സമയത്ത് ബാഗ്ലൂരിൽനിന്ന് പോലീസിന് കണ്ടെടുക്കാനായി.

ഇവരെ ചോദ്യം ചെയ്തതിൽനിന്ന് ഇവർ പല രാജ്യങ്ങളിലായി പല തരത്തിലുള്ള തട്ടിപ്പുകൾ നടത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. ATM പിൻനമ്പർ ചോദിച്ച് മൊബൈലിൽ വിളിച്ച് ലക്ഷങ്ങൾ തട്ടിപ്പുനടത്തിയിട്ടുള്ളതായും, കോടിക്കണക്കിന് രൂപയുടെ സമ്മാനമായി അന്താരാഷ്ട്ര ലോട്ടറി നറുക്കെടുപ്പിൽ ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞ് മൊബൈലിൽ മെസേജ് അയച്ച് പിന്നീട് ഫോണിലൂടെ

സംസാരിച്ച് ലക്ഷക്കണക്കിന് രൂപ രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും, പല രാജ്യങ്ങളിൽനിന്നും തട്ടിയെടുത്തതായി അറിയാൻ കഴിഞ്ഞു. നോട്ടുകൾ പ്രത്യേക രാസലായനികളും, കെമിക്കലുകളും ഉപയോഗിച്ച് ഇരട്ടിപ്പിച്ച് തരാമെന്ന് പറഞ്ഞ് പലരിൽനിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്തതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തട്ടിപ്പിനിരയായവർ സമൂഹത്തിൽ പ്രമുഖരായതിനാൽ പലപ്പോഴും പരാതികൾ ഉണ്ടാകാറില്ല. അതുകൊണ്ട് ഇവർ വീണ്ടും വീണ്ടും ആളുകളെ ചതിച്ച് കോടിക്കണക്കിന് രൂപ തട്ടിയെടുക്കുന്നത് തുടരുകയായിരുന്നു. വ്യാജ ഓൺലൈൻ സൈറ്റുകൾ ഉണ്ടാക്കി വ്യാജ ഉൽപ്പന്നങ്ങളും, മറ്റും നൽകി പറ്റിച്ച് പണം തട്ടിയെടുക്കുന്നതും ഇവരുടെ രീതികൾ ആണ്.

## വിദേശികൾ ഉപയോഗിക്കുന്നത് ലക്ഷങ്ങൾ വിലവരുന്ന കോട്ടുകൾ.... ആഡംബരമായ ജീവിതം

വിദേശികളെ അറസ്റ്റ് ചെയ്തതിനുശേഷം വിദേശികൾ താമസിക്കുന്ന ബാംഗ്ലൂരിലെ താമസസ്ഥലത്ത് റെയ്ഡിനെത്തിയ പോലീസ് ഞെട്ടിപ്പോയി. ആഡംബര പൂർവ്വമായ ജീവിതമാണ് ഇവർ അവിടെ നയിച്ചിരുന്നത്. ഇവർ ബാംഗ്ലൂരിലെ താമസസ്ഥലത്ത് വാടകക്ക് വീട് എടുത്തിരുന്നത് മെഡിക്കൽ ബിസ്സിനസ്സിനാണെന്ന് പറഞ്ഞിട്ടാണ്. ഇവരുടെ താമസസ്ഥലത്ത് റെയ്ഡ് നടത്തിയതിൽ ആറുലക്ഷത്തോളം രൂപയുടെ ഇന്ത്യൻ കറൻസികളും, കറൻസികൾ അച്ചടിക്കുന്നതിനും മറ്റും ഉപയോഗിച്ച കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, കറൻസി പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന മഷികൾ , ഇവർ തട്ടിപ്പിനായി ഉപയോഗിക്കുന്ന പന്ത്രണ്ടോളം മൊബൈൽ ഫോണുകൾ, വിവിധ രാജ്യങ്ങളിലെ നിരവധി സിം കാർഡുകൾ, വിവിധ ബാങ്കുകളുടെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ, പാസ്പോർട്ടുകൾ , വിവിധ തരത്തിലുള്ള ഇവരുടെ ഐഡന്റിറ്റി കാർഡുകൾ എന്നിവ പോലീസ് ഇവരുടെ താമസസ്ഥലത്തുനിന്നും റെയ്ഡിൽ കണ്ടെടുത്തു.

ഇവർ ഭക്ഷണത്തിനായി ഉപയോഗിച്ചിരുന്നത് പല രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത ഉയർന്ന ഗുണനിലവാരത്തിലുള്ള പഴങ്ങളും, പച്ചക്കറികളും, മാംസവും, മൽസ്യവും ആണ്. ഇവർ വിദേശത്തുനിന്നും ഇറക്കുമതിചെയ്തിട്ടുള്ള ഒലീവ് ഓയിലാണ് പാചകത്തിനും മറ്റുമായി ഉപയോഗിച്ചിരുന്നത്. ഇവർ ധരിക്കുന്നതിനായി ഉപയോഗിച്ചിരുന്നത് ലക്ഷങ്ങൾ വിലവരുന്ന ബ്രാൻഡഡ് കോട്ടുകളും, ആയിരങ്ങൾ വില വരുന്ന ടീ ഷർട്ടുകളും, ഷൂവുകളും ആണ്. താമസസ്ഥലത്ത് ഉപയോഗിച്ചിരുന്നത് ലക്ഷങ്ങൾ വില വരുന്ന ബ്രാന്ഡഡ് വീട്ടുപകരണങ്ങൾ ആണ്.

അറസ്റ്റിലായ പ്രതികളെകുറിച്ച് കൂടുതലായിട്ടുള്ള വിവരങ്ങൾ വിദേശ എംബസ്സികൾ മുഖേന അന്വേഷണം നടത്തിയാൽ മാത്രമെ മനസ്സിലാകുകയുള്ളൂ. അറസ്റ്റിലായ പ്രതികൾ വേറെ രാജ്യങ്ങളിൽ ഉള്ള കേസുകളുടെ വിവരങ്ങൾ ശേഖരിച്ച് വരികയാണ്. ഇവർക്ക് ഇന്റർപോളിന്റേയോ മറ്റോ വാറണ്ടുകൾ നിലവിലുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഇവർക്ക് ഇന്ത്യയിൽ ഡൽഹി, മുംബൈ, ഉത്തർപ്രദേശ്, ,ഹൈദരാബാദ്,കർണ്ണാടക, ചെന്നൈ, രാജസ്ഥാൻ, ഹിമാചൽപ്രദേശ്,പറ്റ്ന, കൽക്കത്ത എന്നിവിടങ്ങളിൽ നിരവധി കേസുകൾ ഉണ്ടെന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇവരെ ഇതുവരെ ഇന്ത്യയിൽ പോലീസിന് പിടികൂടാനായിട്ടില്ലായിരുന്നു.

തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ രാഹുൽ.ആർ.നായർ IPS ന്റെ നേതൃത്വത്തിൽ തൃശ്ശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ പി.വാഹിദിന്റെ നിർദ്ദേശാനുസരണം തൃശ്ശൂർ ഈസ്റ്റ് സിഐ കെ.സി.സേതു, തൃശ്ശൂർ ഈസ്റ്റ് എസ്ഐ ജിജോ, ഷാഡോ പോലീസ് അംഗങ്ങളായ എസ്ഐ വി.കെ.അൻസാർ എഎസ്ഐമാരായ. പി.എം.റാഫി , എൻ.ജി.സുവ്രതകുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസറായ കെ.ഗോപാലകൃഷ്ണൻ, സിവിൽ പോലീസ് ഓഫീസർമാരായ ടി.വി.ജീവൻ , പി.കെ.പഴനിസ്വാമി , എം.സ്. ലിഗേഷ് , വിപിൻദാസ്. കെ.ബി ഈസ്റ്റ് സ്റ്റേഷനിലെ എഎസ്ഐ അനിൽകുമാർ എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണസംഘമാണ് കേസന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്.